ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖാന്തിരം അട്ടപ്പാടിയിൽ 3,26,20,360 രൂപ ഇതുവരെ ചെലവഴിച്ചു.

(ബി) ആദിവാസികൾക്കായി 1,30,48,144 രൂപ വകുപ്പുതല പദ്ധതി ഇനത്തിലും 290.90043 ലക്ഷം രൂപ അട്ടപ്പാടി പ്രത്യേക ആദിവാസി കാർഷിക വികസന പദ്ധതിയിനത്തിലും ചെലവഴിച്ചു

(സി) അട്ടപ്പാടിയിലെ 186 ഊരിലെ 7895 കുടുംബങ്ങൾക്കാണ് പദ്ധതി മുഖേന ചെലവഴിച്ചിട്ടുള്ളത്.

കൃഷിഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി

185 (3161) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭൂമിയില്ലാത്ത എത്ര കർഷക തൊഴിലാളികൾ സംസ്ഥാനത്തുണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ ;

(ബി) കൃഷിഭൂമിയില്ലാത്ത കർഷകതൊഴിലാളികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 17,01,945 കർഷക തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ഇവരുടെ കൃഷിഭൂമി സംബന്ധിച്ച വിവരം പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) ഇത്തരത്തിലൊരു പദ്ധതി നിലവിൽ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

സോയിൽ ഹെൽത്ത് കാർഡ്

186 (3162) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) കൃഷി വകുപ്പ് പ്രസ്തുത പദ്ധതി വഴി കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അതിലെ കൃഷിക്ക് ആവശ്യമായ മൂലകങ്ങളുടെ ലഭ്യമായ അളവ് കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് അതാത് കാർഷിക വിളകൾക്ക് നൽകേണ്ട വളത്തിന്റെ അളവ് നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്.

ലക്ഷ്യങ്ങൾ :

1. അനാവശ്യമായ വളപ്രയോഗം ഒഴിവാക്കുക.
2. കൃഷിച്ചെലവ് കുറയ്ക്കുക.
3. മണ്ണിന്റെ സംപുഷ്ടി നിലനിർത്തുക

മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് വഴി ഈ കാർഡുകൾ മുഖേന കർഷകന് ഓരോ തുണ്ട് ഭൂമിയുടേയും അവശ്യമൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ തോത് ഉൾപ്പെടെയുള്ള രാസ ഭൗതിക സ്വഭാവങ്ങളും വിളകളുടെ പരിപാലനമുറകളും ശുപാർശകളും ലഭ്യമാക്കുന്നു. അതുവഴി മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനും കൃഷി ചെലവ് കുറയ്ക്കുന്നതിനും സാധിക്കുന്നു.

(സി) കൃഷി വകുപ്പ് വിതരണം ചെയ്യുന്ന പ്രസ്തുത കാർഡിൽ താഴെപ്പറയുന്ന വിവരങ്ങളാണ് രേഖപ്പെടുത്തുന്നത് :

LIBRARY ARCHIVES Kerala Legislative Assembly

1. മണ്ണിന്റെ ക്ഷാര/അമ്ല അവസ്ഥ

2. മണ്ണിലെ പ്രാഥമിക മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയുടെ ലഭ്യമായ അളവ്

3. സൂക്ഷ്മ മൂലകങ്ങളുടെ ലഭ്യത മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കർഷകൻ ആവശ്യപ്പെട്ട വിളകൾക്ക് ചേർക്കേണ്ട വളത്തിന്റെ അളവ് എന്നീ വിവരങ്ങളാണ് രേഖപ്പെടുത്തുന്നത്.

മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പ് വഴി വിതരണം ചെയ്യുന്ന സോയിൽ ഹെൽത്ത് കാർഡുകളിൽ അതാതു കർഷകന്റെ പുരയിടത്തിന്റെ പൂർണ്ണ വിവരങ്ങൾ (സർവ്വേ നമ്പർ, വിസ്തൃതി, വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ല) ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകന്റെ കൃഷി ഭൂമിയുടെ ഭൗതിക സ്വഭാവ വിശേഷണങ്ങളായ ഉന്നതി, ചരിവ്, മണ്ണൊലിപ്പ്, നീർവാഴ്ച, ഭൂഗർഭജലവിതാനം, നിലവിലുള്ള ഭൂവിനിയോഗം, വിളകൾ, പരിപാലന നിലവാരം തുടങ്ങിയവയും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ കാർഡിലും കർഷകന്റെ പുരയിടത്തിലെ മണ്ണിന്റെ ഭൗതിക വിശേഷങ്ങളായ രചന, ആഴം ജല സംഗ്രഹണശേഷി എന്നിവയും രാസ വിശേഷങ്ങളായ അമ്ലത്വം/ക്ഷാര ഗുണം, വൈദ്യുതി ചാലകത, ധനായണ വിനിമയശേഷി എന്നിവ കൂടാതെ പാക്യജനകം, ഭാവകം, ക്ഷാരം തുടങ്ങിയ പ്രധാന മൂലകങ്ങളുടേയും ഗന്ധകം, മഗ്നീഷ്യം തുടങ്ങിയ ദ്വിതീയ മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളായ ഇരുമ്പ്, മാംഗനീസ്, നാകം, ചെമ്പ്, ബോറോൺ എന്നിവയുടെയും അളവുകളും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മൂലകങ്ങളുടെ തോത് കുറവാണോ മധ്യമമാണോ കൂടുതലാണോ എന്ന വിവരവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിയിടത്തിലെ പ്രധാന വിളകൾക്ക് വളപ്രയോഗം ശുപാർശകളും (പോഷകമൂല്യങ്ങളുടെ അളവും വളങ്ങളുടെ അളവും) കുമ്മായ പ്രയോഗം തുടങ്ങിയവയും സോയിൽ ഹെൽത്ത് കാർഡിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ മണ്ണ പരിശോധനാശാലകൾ വഴിയും കർഷകർക്ക് സൗജന്യമായി ലഭ്യമാണ്. മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പ് ജനകീയ പങ്കാളിത്തത്തോടെ കുടുംബശ്രീ, പാടശേഖര സമിതി, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. വകുപ്പ് തയ്യാറാക്കി നൽകുന്ന സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് നേരിട്ടും തപാലിലൂടെയും പഞ്ചായത്തുവഴിയും വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly